**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 983** **05/02/2020-ലെ മറുപടി**

**അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ പ്രവർത്തന അംഗീകാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.പ്രശാന്ത് | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | കേരള ജല അതോറിറ്റിയിൽ അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അകം) എന്ന സംഘടന പ്രവർത്തിക്കുന്നുണ്ടോ: | (എ) | പ്രവര്ത്തിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായി കേരള ജല അതോറിറ്റി ബോർഡ് സമർപ്പിച്ച ശിപാർശയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ആവശ്യത്തിന്മേൽ തുടർ നടപടികൾക്കായി ജല അതോറിറ്റി സമർപ്പിച്ച ശിപാർശയിൽ ചില അധിക വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | പ്രസ്തുത സംഘടന അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചതും ബോർഡ് ശിപാർശ നൽകിയതും എന്നാണെന്ന് വ്യക്തമാക്കുമോ; | സി) | പ്രസ്തുത സംഘടന അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചത് 16.01.2016-നും ബോർഡ് ശുപാർശ നൽകിയത് 07.04.2017-നുമാണ്. |
| ഡി) | ഈ സംഘടനയുടെ അംഗീകാരവുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ വീഴ്ചയും കാലതാമസവും വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വെളിപ്പെടുത്താമോ; | ഡി)& ഇ) | 01.04.2017 ൽ അഡ്വ. ജോസഫ് സക്കറിയ കനയിലും 28.02.2019 ൽ ശ്രീ. അജിത് കുമാർ ബിയും 'അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകരുത് എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 28.02.2019 ലെ പരാതിയിന്മേൽ തെളിവെടുപ്പ് നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(വിജിലൻസ്) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സംഘടനയ്ക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. |
| ഇ) | ഈ സംഘടനയ്ക്ക് അംഗീകാരം നൽകരുതെന്നാവശ്യപ്പെട്ട് ഏതെങ്കിലും വ്യക്തിയുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും പരാതി നൽകിയ വ്യക്തിയിൽ നിന്നും തെളിവെടുപ്പ് നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | | |

Renuka Sankar

സെക്ഷൻ ഓഫീസർ